**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 609 26.04.2017 -ൽ മറുപടിക്ക്

## തീർത്ഥാടന ടൂറിസം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. യു. പ്രതിഭ ഹരി | ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) തീർത്ഥാടന ടൂറിസം വികസനത്തിനായുള്ള കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെ പ്രസാദ് സ്കീമിൽ കേരളത്തിൽ നിന്നും ഇതുവരെ എത്ര കേന്ദ്രങ്ങളാണ് തെരഞ്ഞെടുത്തതെന്ന് അറിയിക്കുമോ; | എ) പ്രസാദ് സ്കീമിൽ കേരളത്തിൽ നിന്നും ഗുരുവായൂർ ക്ഷേത്ര വികസന പദ്ധതി തെരഞ്ഞെടുത്തിട്ടുണ്ട്. |
| ബി) തീർത്ഥാടന ടൂറിസത്തിന്റെ അനന്തമായ സാധ്യതകൾക്കനുസരിച്ച് പ്രസ്തുത സ്കീമിൽ കൂടുതൽ കേന്ദ്രങ്ങൾ ഉൾപ്പെടുത്തുന്നതിനായി കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുമോ; | ബി) പദ്ധതി പ്രൊപ്പോസലുകൾ ലഭ്യമാകുന്ന മുറയ്ക്ക് പ്രസാദ് സ്കീമിന്റെ മാനദണ്ഡങ്ങൾ പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കാവുന്നതാണ്. |
| സി) തീർത്ഥാടന കേന്ദ്രത്തിൽ എത്തുന്ന തീർത്ഥാടകർക്കും സഞ്ചാരികൾക്കും താമസവും അനുബന്ധ സൗകര്യങ്ങളും ഒരുക്കുന്നതിൽ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുമോ? | സി) പ്രസാദ് സ്കീമിൽ ഊന്നി പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ